## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ *216

12.02.2019-ൽ മറുപടിയ്ക്ക്.

### ക്ഷീരമേഖലയെ പുനരുജ്ജീവിപ്പിക്കുവാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ.അനിൽ അക്കര<br>ശ്രീ.എം.വിൻസെന്റ് | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) പ്രളയത്തിൽ ഭീമമായ നഷ്ടം സംഭവിച്ച ക്ഷീരമേഖലയെ പുനരുജ്ജീവിപ്പിക്കുവാൻ ഇതിനകം എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ; | (എ) പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച ക്ഷീരകർഷകർക്ക് അടിയന്തരസഹായമായി കണ്ടിജൻസി ഫണ്ടിനത്തിൽ 24.9 ലക്ഷം രൂപയും പ്രളയസമയത്ത് കാലികൾക്ക് നൽകുന്നതിനായി 28,887 ചാക്ക് കാലിത്തീറ്റ വിതരണം ചെയ്തതിനുള്ള ധനസഹായമായി 181 ലക്ഷം രൂപയും വൈയ്ക്കോൽ, പച്ചപ്പുല്ല് എന്നിവ വിതരണം ചെയ്യുന്നതിനായി 460 ലക്ഷം രൂപയും വിനിയോഗിച്ചിട്ടുണ്ട്.<br>പ്രളയദുരിതാശ്വാസത്തിന്റെ ഭാഗമായി ജില്ലാതലത്തിൽ ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ കൺവീനറും മൃഗസംരക്ഷണവകുപ്പ്, മിൽമ എന്നിവയിലെ ഉദ്യോഗസ്ഥർ, ക്ഷീരസംഘം പ്രതിനിധികൾ, മേഖലായൂണിയൻ ഭരണസമിതി അംഗങ്ങൾ എന്നിവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കുകയും അടിയന്തിരമായി ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഈ കമ്മിറ്റിയുടെ നേതൃത്വത്തിൽ 104.64 ലക്ഷം രൂപയുടെ വിവിധ സഹായങ്ങൾ കർഷകർക്ക് എത്തിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ, ദേശീയ ക്ഷീരവികസന ബോർഡിൽ നിന്നും 494 മെ.ടൺ കാലിത്തീറ്റയും 160 മെ.ടൺ സൈലേജും 21 മെ.ടൺ ഉണക്കപ്പുല്ലും, ആന്ധ്രാപ്രദേശ് മൃഗസംരക്ഷണവകുപ്പിൽ നിന്നും 20 ടൺ കാലിത്തീറ്റയും 18 ടൺ സൈലേജും 20 ടൺ സമ്പുഷ്ട പോഷക കാലിത്തീറ്റയും (TMR) പ്രളയബാധിത പ്രദേശങ്ങളിലെ കർഷകർക്ക് വിതരണം നടത്തിയിട്ടുണ്ട്.<br>ക്ഷീരവികസന വകുപ്പിന്റെ പദ്ധതി വിഹിതമായി 22 കോടി രൂപ വിനിയോഗിച്ച് ഒരു പ്രത്യേക ഫ്ലഡ് റിലീഫ് പ്രോഗ്രാം നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം പ്രധാനമായും താഴെ പറയുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത്. |

| ക്രമ നം | പദ്ധതിയുടെ പേര് | യൂണിറ്റ് സബ്സിഡി (രൂപയിൽ) | ഗുണഭോക്താക്കളുടെ എണ്ണം | ആകെ സബ്സിഡി തുക (ലക്ഷം) |
|---|---|---|---|---|
| 1. | ഗോദാനം (ഒരു പശു യൂണിറ്റ്) | 33000 | 1200 | 396 |
| 2. | 2 പശു യൂണിറ്റ് | 66000 | 900 | 594 |
| 3. | അവശ്യാധിഷ്ഠിത സഹായം | 50000 | 1500 | 750 |
| 4. | കാലിത്തൊഴുത്ത് | 50000 | 630 | 315 |
| 5. | യന്ത്രവൽക്കരണം ഉൾപ്പെടെയുള്ള ശാസ്ത്രീയ കാലിത്തൊഴുത്ത് | 100000 | 100 | 30 |

കൂടാതെ, വയനാട് ആലപ്പുഴ, എറണാകുളം, പാലക്കാട് ജില്ലകളിൽ ജില്ലാ ഭരണകൂടവുമായി ചേർന്ന് സന്നദ്ധസംഘടന കളുടെ സഹായത്തോടെ Donate a cow എന്ന പദ്ധതി പ്രകാരം ഇതിനോടകം ആലപ്പുഴ ജില്ലയിൽ 96 കറവപ്പശുക്കളെയും വയനാട് ജില്ലയിൽ 64 കറവപ്പശുക്കളെയും 200 കിടാരികളെയും, പാലക്കാട് ജില്ലയിൽ 8 കിടാരികളെയും, എറണാകുളം ജില്ലയിൽ 6 കറവപ്പശുക്കളെയും പ്രളയത്തിൽ കന്നുകാലികൾ നഷ്ടപ്പെട്ടവർക്ക് സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്.

ക്ഷീരസഹകരണ സംഘങ്ങൾ നേരിട്ട് പ്രളയദുരിതത്തിൽ ബുദ്ധിമുട്ടനുഭവിച്ച ക്ഷീരകർഷകർക്ക് കാലിത്തീറ്റ, വൈക്കോൽ, പച്ചപ്പുല്ല് എന്നിവ നൽകുകയും നാശനഷ്ടം സംഭവിച്ച കാലിത്തൊഴുത്ത് പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള സഹായവും നൽകിയിട്ടുണ്ട്.

പ്രളയം മൂലം നാശനഷ്ടം സംഭവിച്ച കർഷകരെ സഹായിക്കുന്നതിനായി മിൽമ സംസ്ഥാന സർക്കാർ മുഖേന കേന്ദ്രസർക്കാരിന് സമർപ്പിച്ച 54.84 കോടി രൂപയുടെ പദ്ധതിയിൽ 44.03 കോടി രൂപയുടെ പദ്ധതിക്ക് കേന്ദ്രസർക്കാർ അംഗീകാരം നൽകുകയുണ്ടായി. ഇതിൽ 33.03 കോടി രൂപ കേന്ദ്ര സർക്കാർ ഗ്രാന്റും ബാക്കി ഏകദേശം 11 കോടി രൂപ മിൽമയുമാണ് ചെലവഴിക്കുന്നത്. പദ്ധതി പ്രവർത്തനങ്ങൾ 2 വർഷം കൊണ്ട് നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

പ്രളയത്തിൽ ഉരുക്കൾ നഷ്ടപ്പെട്ട കർഷകർക്ക് ദുരന്തനിവാരണ മാനദണ്ഡ പ്രകാരം മൃഗസംരക്ഷണ വകുപ്പ് 17.89 കോടി രൂപാ നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്. പ്രളയബാധിത പ്രദേശങ്ങളിൽ മൃഗസംരക്ഷണ വകുപ്പ് 65.8 ലക്ഷം രൂപ ചെലവഴിച്ച് 329 ചികിത്സാ ക്യാമ്പുകൾ സംഘടിപ്പിച്ച് പ്രാഥമിക ചികിത്സ, തീറ്റവിതരണം എന്നിവ നടത്തുകയുണ്ടായി.

| | | | |
|---|---|---|---|
| (ബി) | നഷ്ടം സംഭവിച്ച ക്ഷീരകർഷകർക്ക് ഉരുക്കളെ വാങ്ങുന്നതിന് പദ്ധതി വിഹിതത്തിൽ നിന്നും ധനസഹായം നൽകുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) | പ്രളയകാലത്ത് നഷ്ടം സംഭവിച്ച ക്ഷീരകർഷ കർക്ക് ഉരുക്കളെ വാങ്ങുന്നതിന് പദ്ധതി വിഹിതം ഉപയോഗിച്ച് പ്രത്യേക ഫ്ലഡ് റിലീഫ് പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിൽ 1200 ഗുണഭോക്താക്കളുള്ള ഒരു പശു യൂണിറ്റും 900 ഗുണഭോക്താക്കളുള്ള രണ്ട് പശു യൂണിറ്റുമാണ് നടപ്പിലാക്കുന്നത്. ഒരു പശു യൂണിറ്റിന് 33,000/- രൂപയും രണ്ട് പശു യൂണിറ്റിന് 66,000/- രൂപയുമാണ് ധനസഹായമായി നൽകുന്നത്. ഈ പദ്ധതി പ്രകാരം 396 ലക്ഷം രൂപ ഒരു പശു യൂണിറ്റ് സ്ഥാപിക്കുന്നതിനും 594 ലക്ഷം രൂപ രണ്ട് പശു യൂണിറ്റ് നടപ്പിലാക്കുന്നതിനും വകയിരുത്തുകയും പദ്ധതി പൂർത്തീകരിച്ചു വരികയാണ്. കൂടാതെ, ഈ പദ്ധതിയുടെ ഭാഗമായി ക്ഷീരകർഷ- കർക്ക് കാലിത്തൊഴുത്ത് പുന:നിർമ്മിക്കുന്നതിനും, നവീകരിക്കുന്നതിനും മറ്റു അവശ്യാധിഷ്ഠിത പദ്ധതികൾക്കും ധനസഹായം നൽകുന്നതിനും തുക വകയിരുത്തിയിട്ടുണ്ട്.<br>പ്രളയബാധിതമായ 7 ജില്ലകളിൽ 11 ആടുകൾ അടങ്ങുന്ന 1000 യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 6.6 കോടി രൂപയുടെ പദ്ധതി മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കിവരുന്നു. കർഷകന് ഇത് പ്രകാരം യൂണിറ്റ് ഒന്നിന് 59400 രൂപ പദ്ധതിയുടെ ധനസഹായമായി ലഭിക്കും. |
| (സി) | പശു നഷ്ടപ്പെട്ട കർഷകന് ഉരു ഒന്നിന് മുപ്പതിനായിരം രൂപയും പരമാവധി തൊണ്ണൂറായിരം രൂപയും എന്ന് നിജപ്പെടുത്തിയിട്ടുള്ളത് മൂന്നിൽ കൂടുതൽ ഉരുക്കൾ നഷ്ടപ്പെട്ട് ജീവനോപാധി ഇല്ലാതായ ക്ഷീരകർഷകർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കിയ സാഹചര്യത്തിൽ ഈ നിബന്ധനയിൽ ഇളവ് വരുത്തുവാൻ നടപടി സ്വീകരിക്കുമോ? | (സി) | സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡ പ്രകാരം ദുരന്തത്തിൽ പശു നഷ്ടപ്പെടുന്നതിന് പരമാവധി 3 എണ്ണമെന്ന നിരക്കിൽ പശു ഒന്നിന് 30,000/- രൂപ, പരമാവധി 90,000/- രൂപ വരെ ദുരിതാശ്വാസം നൽകാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br>14-ാം ധനകാര്യ കമ്മീഷന്റെ ശുപാർശകൾ അടിസ്ഥാനമാക്കി കേന്ദ്രസർക്കാർ നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾക്ക് അനുസൃതമായാണ് നഷ്ടപരിഹാര തുക നിശ്ചയിച്ചിരിക്കുന്നത്. നിലവിൽ നഷ്ടപരിഹാരം നിശ്ചയിക്കുന്ന മാനദണ്ഡം 2020 വരെ തുടരും. |

**സെക്ഷൻ ഓഫീസർ**